# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*284 — 20/06/2018-ൽ മറുപടിക്ക്

## രോഗപ്രതിരോധ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.പി.സജീന്ദ്രൻ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | വാക്സിനേഷനും ആധുനിക വൈദ്യശാസ്ത്രത്തിനുമെതിരെ സംഘടിതമായ എതിർപ്പ് സംസ്ഥാനത്ത് ചില കോണുകളിൽ നിന്നും ഉയരുന്നത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) | വാക്സിനേഷന് എതിരായ സംഘടിത എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വാക്സിനേഷൻ നടത്തുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും വാക്സിൻ വിരുദ്ധ പ്രചരണങ്ങൾക്ക് എതിരായി ബോധവൽക്കരണം നടത്തുന്നതിനുമായി പത്ര-ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ നിരവധി തവണ പരസ്യങ്ങൾ നൽകിയിട്ടുണ്ട്.<br>2. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയവർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജില്ലാതല മീറ്റിങ്ങ് നടത്തി ഫലപ്രദമായി വാക്സിനേഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. വാക്സിൻ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറും, ആരോഗ്യ വകുപ്പ് ഡയറക്ടറും ഉന്നത പോലീസ് അധികാരികൾക്ക് പരാതി നൽകിയിരുന്നു.<br>4. വാക്സിൻ വിരുദ്ധ പ്രവർത്തനത്തിന് പ്രധാന തട്ടകമായ നവമാധ്യമങ്ങളിൽ വ്യാപകമായി വാക്സിനേഷന്റെ ആവശ്യകതയെക്കുറിച്ച് വിശ്വസനീയമായ ശാസ്ത്രീയ അടിത്തറയുള്ള സന്ദേശങ്ങൾ പ്രചരിപ്പിച്ചിരുന്നു. ഇതിന് |

| | | | |
|---|---|---|---|
| | | | നേതൃത്വം നൽകിയ നമ്മുടെ ആരോഗ്യ വകുപ്പിലേയും, ഇൻഡ്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിലേയും, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനിലേയും ഡോക്ടർമാരുടെ കൃത്യമായ വിശദീകരണങ്ങൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് വാക്സിൻ വിരുദ്ധ പ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി പൊതുജനങ്ങൾക്കും നൽകാൻ കഴിഞ്ഞു.<br>5. കൂടാതെ ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ അച്ചടിച്ച് ജില്ലാ-ബ്ലോക്ക്, പി.എച്ച്.സികൾ വഴി ഫീൽഡ് വിഭാഗം ജീവനക്കാരിലൂടെ ജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. ആശ-അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ, സാക്ഷരത ബോധവൽക്കരണ നടപടികൾ നടപ്പിലാക്കിയതിനാൽ ഭൂരിഭാഗം ഗുണഭോക്താക്കളിലും ഉണ്ടായിരുന്ന തെറ്റിദ്ധാരണകൾ ഒഴിവാക്കി വാക്സിൻ അനുകൂല നിലപാട് സ്വീകരിക്കുവാൻ കഴിഞ്ഞു.<br>ആധുനിക വൈദ്യശാസ്ത്രത്തിന് എതിരായി സംഘടിത എതിർപ്പ് സംസ്ഥാനത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>6. ഈ കാര്യത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ്, പി.പി.യൂണിറ്റ് എന്നിവ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹെൽത്ത് സെന്ററുകളിലെ പ്രദേശങ്ങളിൽ ഗൃഹസന്ദർശനം, ബോധവൽക്കരണം എന്നിവയും തദ്ദേശ സ്വയംഭരണ സ്ഥാപനം, സാമൂഹിക നേതാക്കൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികൾ വളരെ ഊർജ്ജിതമായി നടത്തിവരുന്നു. |
| ബി) | സംസ്ഥാനത്ത് ഇതുവരെ കാണാത്ത നിപ, കരിമ്പനി തുടങ്ങിയ രോഗങ്ങൾ കണ്ടുതുടങ്ങിയ | ബി) | ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ രോഗപ്രതിരോധത്തിന് കൂടുതൽ ഇടപെടൽ നടത്തുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ; | | |
| സി) | സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കുന്നതിനുള്ള തീരുമാനം എടുത്തിരുന്നോ; എങ്കിൽ അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ? | സി) | സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിന്റെ ഭാഗമായി നിർബന്ധിത കുത്തിവെയ്പുകളൊന്നും തന്നെ ഇപ്പോൾ ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ